LIBRARY ARCHIVES Kerala Legislative Assembly

ടെക്നോപാർക്കിലെ ടൊറോയിഡ് കമ്പനി മാനേജ്മെന്റിനെതിരെയുള്ള തൊഴിലാളി സമരം

48 [480] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിലെ ടൊറോയിഡ് കമ്പനിയിലെ തൊഴിലാളികൾ മാനേജുമെന്റിനെതിരെ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സമരത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്താണെന്നും അവ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ടൊറോയിഡ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ നാലു ജീവനക്കാരെ ജോലിയിൽനിന്നും അകാരണമായി പിരിച്ചുവിട്ടു എന്നു കാണിച്ചുകൊണ്ട് യൂണിയൻ ഭാരവാഹികൾ കൂടിയായ ഇവരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടൊറോയിഡ് എംപ്ലോയീസ് അസോസിയേഷൻ ജില്ലാ ലേബർ ഓഫീസർക്കും ലേബർ കമ്മീഷണർക്കും പരാതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നടന്ന അനുരഞ്ജന ചർച്ച പരാജയമായിത്തീർന്നതിനാൽ തൊഴിൽതർക്ക നിയമത്തിലെ സെക്ഷൻ 10(1)(ഡി) അനുസരിച്ച് ടി തൊഴിൽ തർക്കം കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് അഡ്ജൂഡിക്കേഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

49 [481] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം തൊഴിൽ നൽകിയിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും വകുപ്പ് മേധാവികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവരും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ ഉദ്യോഗാർത്ഥികളെ നിയമിക്കാതെ കരാർ വ്യവസ്ഥയിലും ദിവസവേതനത്തിലും നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 31-10-2003 വരെയുള്ള സ്ഥിതിവിവരക്കണക്കനുസരിച്ച് 3,906,641 തൊഴിൽ രഹിതർ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2003 വരെ 1,228,252 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29887 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി ആന്റ് ഇ) സംസ്ഥാനത്തെ ചില വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ കരാർ വ്യവസ്ഥയിലും ദിവസവേതനത്തിലും നിയമിക്കുന്നതായി പരാതി ലഭിച്ചിരുന്നു. ആയതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ കണക്ക്

50 [482] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർ എത്രയെന്നും, അവരിൽ പുരുഷൻമാർ, സ്ത്രീകൾ, എസ്.എസ്.എൽ.സി. പാസായവർ, ബിരുദധാരികൾ, ബിരുദാനന്തര ബിരുദമുള്ളവർ, നിയമ ബിരുദമുള്ളവർ എന്നിങ്ങനെ തരംതിരിച്ച് ജില്ലകൾ തോറുമുള്ള വിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly